VOL I, No.2
2019 JULY-DECEMBER
1194-95 മിഥുനം-വൃശ്ചികം

*A peer reviewed research journal*

# ചെങ്ങഴി
# CHENGAZHI



# ഉള്ളടക്കം


പ്രസാധകക്കുറിപ്പ് 5

മലയാളലിപിയുടെ സമഗ്രത
കെ.എച്ച്. ഹുസൈൻ 9

പ്രത്യാശയുടെ പ്രത്യക്ഷരക്ഷ
സുനിൽ പി. ഇളയിടം 27

പാഠസംരക്ഷണത്തിന്റെ അനുഭവപാഠങ്ങൾ
സി.വി.ആർ.–കെ.എച്ച്. ഹുസൈൻ 34

പത്രഭാഷ: വ്യവഹാരനിർമിതിയിലെ വിഭിന്നതകൾ
ഡോ. ബിച്ചു എക്സ് മലയിൽ 53

നിശ്ശബ്ദയാക്കപ്പെട്ട സ്ത്രീത്വം 'ഒരു രാമായണരംഗത്തിൽ'
ഡോ. ആശാലത. വി. 63

മതഹിംസയുടെയും പലായനത്തിന്റെയും ഇതിഹാസം
'സ്വപ്നസാരസ്വത' എന്ന കന്നട നോവലിനെപ്പറ്റി
ആർ. ചന്ദ്രബോസ് 68

കൃഷ്ണനുവേണ്ടി ഉണ്ടായ പെണ്ണുങ്ങൾ
ഡോ: രാജശ്രീ ആർ. 76

ഇന്ദുലേഖാനന്തരം മീനാക്ഷി പറഞ്ഞത്—മീനാക്ഷി'യിലെ സമൂഹം
ഡോ. സെലിൻ എസ്.എൽ. 82

ലിംഗരാഷ്ട്രീയവും നവസാംസ്കാരിക മുന്നേറ്റങ്ങളും
ഫബീന. ഇ.വി. 90

നർമ്മവും ശൈലീനിഷ്ഠഭാഷാസിദ്ധാന്തങ്ങളും
ഡോ. സുജാത. പി. 96

സ്വകാര്യ എഫ്.എം.റേഡിയോ സംസ്കാരവും വിപണിവല്ക്കരണവും
ജെയ്നി മോൾ കെ.വി. 104

ബഷീർ: ഭാഷയെ അട്ടിമറിച്ച ദാർശനികൻ
ശരത്ചന്ദ്രൻ 109

നീതിന്യായവ്യവസ്ഥയും കോടതി വ്യവഹാരങ്ങളും
ജോഫി റാഫി 115

വ്യവസ്ഥയുടെ ബന്ധനച്ചരട്
സുരേഷ് കോട്ടൂർ 125

# സ്വകാര്യ എഫ്.എം.റേഡിയോ സംസ്കാരവും വിപണിവത്ക്കരണവും

ജെയ്നി മോൾ കെ.വി.

അസി. പ്രൊഫസർ, സി.എ.എസ് കോളജ് മാടായി

സാങ്കേതികവിദ്യയിൽ അനുദിനമുണ്ടാകുന്ന വളർച്ച ആശയവിനിമയ രീതികളിൽ മാറ്റം വരുത്തുകയും പുതിയ ഒരു സംസ്കാര നിർമ്മിതിയിൽ ഭാഗഭാക്കാവുകയും ചെയ്യുന്നുണ്ട്. പുതിയ സാങ്കേതികവിദ്യകളുടെ കണ്ടുപിടുത്തത്തോടുകൂടി ചലനാത്മകമായ മാറ്റം ജനങ്ങളുടെ സ്വകാര്യ ജീവിതത്തിലും സാമൂഹിക ജീവിതത്തിലും ഉണ്ടായി. വികസിത രാജ്യങ്ങളിൽ [illegible] തന്നെ വ്യാപക പ്രചാരം നേടിയ സ്വകാര്യ എഫ്.എം. തരംഗം മലയാളികളുടെ കേൾവി സംസ്കാരത്തിന്റെ ഭാഗമാകുന്നത് 2007 മുതലാണ്. ഉത്തരാധുനിക കേരളത്തിന്റെ സാമൂഹ്യ-മാധ്യമ സാഹചര്യങ്ങളുടെ അനിവാര്യതയായിട്ടാണ് സ്വകാര്യ റേഡിയോയുടെ ഉദയം. അത്തരം സാഹചര്യങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം.

1. വാഹന സംസ്കാരത്തിന്റെ വ്യാപനം
2. ആവർത്തന വിരസമായ ടെലിവിഷൻ സീരിയലുകൾ/റിയാലിറ്റി ഷോകൾ
3. ഇന്റർനെറ്റും മൊബൈൽ ഫോണും മധ്യവർഗ മലയാളിക്ക് പൂർണ്ണമായും പ്രാപ്യമായിരുന്നില്ല.
4. നിലവിലുള്ള റേഡിയോയുടെ (ആകാശവാണി) ഔപചാരികതയും പഴമയും മടുപ്പും.
5. കാസറ്റുകളും സി.ഡി.കളും അപ്രസക്തമായ സാഹചര്യം.
6. സ്വകാര്യ ജീവിതത്തിന് പ്രാധാന്യം കൊടുത്തുള്ള കേരളീയ കുടുംബജീവിത ക്രമം
7. പൊതുമണ്ഡലങ്ങളുടെ തകർച്ച

മധ്യവർഗ മലയാളി സമൂഹത്തിലേക്ക് സ്വകാര്യ എഫ്.എം. റേഡിയോകൾ കടന്നുവരാനുണ്ടായ സാംസ്കാരിക പശ്ചാത്തലമാണ് മുകളിൽ സൂചിപ്പിച്ചത്. പൂർണ്ണമായും ഒരു വിനോദമാധ്യമമായാണ് എഫ്.എം ന്റെ വരവ്. മറ്റ് മാധ്യമങ്ങൾ എന്നതുപോലെ വിനോദമാധ്യമങ്ങളും ജനാധിപത്യ സാമൂഹ്യക്രമത്തിൽ ഇടപെടുന്നുണ്ട്. സാമൂഹ്യമൂല്യങ്ങളെക്കുറിച്ചുള്ള സങ്കല്പങ്ങൾ രൂപപ്പെടുത്തിയും സാമൂഹ്യാസ്തിത്വങ്ങളെ പുനർനിർവചിച്ചും ബദൽപൊതുമണ്ഡലങ്ങൾ